**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ - കാർഷിക യന്ത്ര കണക്കെടുപ്പ് സർവേയിൽ പങ്കെടുത്ത പ്രൊജക്ട് അഗ്രികൾച്ചർ എഞ്ചിനീയർമാർക്കും പ്രൊജക്ട് അഗ്രികൾച്ചർ മെക്കാനിക്ക് അസിസ്റ്റന്റുമാർക്കും താമസ ബത്ത അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഐ.എഫ്.എ) വകുപ്പ്**

സ.ഉ.(സാധാ) നം.110/2023/AGRI　　　　　തീയതി, തിരുവനന്തപുരം, 02-02-2023

---

പരാമർശം:- കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 09.12.2022, 12.01.2023 തീയതികളിലെ SPOASC/056/2022 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

സർക്കാർ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തുടനീളം കൃഷിഭവനുകൾ അടിസ്ഥാനപ്പെടുത്തി നടത്തപ്പെട്ട കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് സർവേയിൽ ദിവസ വേതന കരാർ അടിസ്ഥാനത്തിൽ നിയോഗിച്ചിരുന്ന പ്രോജക്ട് അഗ്രികൾച്ചർ എഞ്ചിനീയർമാരുടെയും, പ്രോജക്ട് അഗ്രികൾച്ചർ മെക്കാനിക് അസിസ്റ്റന്റുമാരുടെയും സേവനം ഉപയോഗിച്ച് സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ പൂർത്തീകരിച്ചിരുന്നു. സർവേയിൽ പങ്കെടുത്ത ദിവസ വേതനക്കാരായ 20 പ്രൊജക്ട് അഗ്രികൾച്ചർ എഞ്ചിനീയർമാർക്കും (ആകെ 1711 ദിവസം) എട്ട് പ്രൊജക്ട് അഗ്രികൾച്ചർ മെക്കാനിക്ക് അസിസ്റ്റന്റുമാർക്കും (ആകെ 180 ദിവസം) ഒരു താമസ ബത്ത (Halt Allowance) നൽകേണ്ടത് തികച്ചും മനുഷ്യത്വപരവും നീതിയുക്തവും അനിവാര്യവുമാണെന്നതിനാൽ സർവേയിൽ പങ്കെടുത്ത ദിവസങ്ങളിൽ 250 രൂപ പ്രതിദിനം താമസ ബത്തയായി നൽകുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയും, ഇതിനു വേണ്ടുന്ന തുക മിഷന്റെ പ്രവർത്തന ഫണ്ടിൽ നിന്നും നൽകാവുന്നതാണെന്നും കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശ കത്ത് പ്രകാരം അറിയിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ കാർഷിക യന്ത്ര കണക്കെടുപ്പ് സർവേയിൽ പങ്കെടുത്ത 20 പ്രൊജക്ട് അഗ്രികൾച്ചർ എഞ്ചിനീയർമാർക്കും, എട്ട് പ്രൊജക്ട് അഗ്രികൾച്ചർ മെക്കാനിക്ക് അസിസ്റ്റന്റുമാർക്കും അവർ പങ്കെടുത്ത ദിവസങ്ങളിൽ (യഥാക്രമം ആകെ 1711 ദിവസം, 180 ദിവസം) 250/- രൂപ (ഇരുന്നൂറ്റിയമ്പത് രൂപ മാത്രം)

പ്രതിദിന താമസ ബത്തയായി അനുവദിക്കുന്നതിനും ഇതിന് വേണ്ടിവരുന്ന ചെലവ് കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ പ്രവർത്തന ഫണ്ടിൽ നിന്നും നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെസ്സി ജോർജ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
മിഷൻ ഡയറക്ടർ, കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ, കാർഷിക സർവ്വകലാശാല കാമ്പസ്, മണ്ണുത്തി, തൃശ്ശൂർ.
സ്പെഷ്യൽ ഓഫീസർ (KKS&ASC) & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ, കാർഷിക സർവ്വകലാശാല കാമ്പസ്, മണ്ണുത്തി, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ്)/(എ&ഇ), തിരുവനന്തപുരം.
വിവര പൊതു ജന സമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.അഗ്രി-ഐ.എഫ്.എ1/1/2023-അഗ്രി).

പകർപ്പ്:-
കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം
Signed by
Manesh C M
Date: 02-02-2023 12:49:57
സെക്ഷൻ ഓഫീസർ